I.ഇ.ബി. XII കേരള നിയമസഭ/XI-10

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 6, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

പോലീസ് സ്റ്റേഷൻ കയ്യേറ്റം

മി. സ്പീക്കർ: വിയ്യൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വച്ച് സി.ഐ. കസ്റ്റഡിയിലെടുത്ത 4 വിദ്യാർത്ഥികളെ ഒരുകൂട്ടം വിദ്യാർത്ഥികൾ പോലീസ് സ്റ്റേഷൻ കയ്യേറിയും എസ്.ഐ.യെ ഗുരുതരമായി മുറിവേൽപ്പിച്ചും മോചിപ്പിക്കാൻ നടത്തിയ ശ്രമങ്ങളും സംസ്ഥാനത്ത് തുടർച്ച യായി പോലീസ് സ്റ്റേഷൻ കയ്യേറാൻ നടക്കുന്ന ശ്രമങ്ങളുംമൂലം ഉളവായിട്ടു ള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തെപ്പറ്റി സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി.എൻ. പ്രതാപൻ, വി.കെ. ഇബ്രാഹിം കുഞ്ഞ്, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : 03.07.2009-ന് രാത്രി 11.25-ന് തൃശ്ശൂർ വെസ്റ്റ് സി.ഐ.-യും സംഘവും പട്രോൾ ഡ്യൂട്ടിക്കിടെ വിയ്യൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ പള്ളിമൂല എന്ന സ്ഥലത്ത് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ നാല് വിദ്യാർത്ഥികൾ അടിപിടി കൂടുന്നതായി കണ്ടതിനെത്തുടർന്ന് അവരെ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത വിവരമറിഞ്ഞ് ഒരുകൂട്ടം വിദ്യാർത്ഥികൾ സ്റ്റേഷനിലെത്തി പോലീസ് കസ്റ്റഡിയിലെടുത്തവരെ വിട്ടയയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഈ സന്ദർഭത്തിൽ അവിടെയുണ്ടായിരുന്ന എസ്.ഐ.യെ ഒരു വിദ്യാർത്ഥി തലയ്ക്കടിച്ച് പരിക്കേല്പിച്ചു. തുടർന്ന് 25-ഓളം എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ സ്റ്റേഷന് മുമ്പിൽ തടിച്ചുകൂടി കസ്റ്റഡിയിലെടുത്തവരെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ചു. തുടർന്ന് സ്ഥലത്തെത്തിയ തൃശ്ശൂർ വെസ്റ്റ് സർക്കിൾ ഇൻസ്പെക്ടർ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കുകയും മുദ്രാവാക്യം വിളിച്ച വിദ്യാർത്ഥികളുടെ പേരിൽ ഒരു കേസ്സും എസ്.ഐ.-യുടെ പരാതിയുടെ അടിസ്ഥാനത്തിൽ മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തു. 4.7.09-ന് അഞ്ച് വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിരിക്കുകയുമാണ്. മറ്റ് 25 പേരെ ജാമ്യം നൽകി വിട്ടയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രതികളെ ആരെയും മോചിപ്പിച്ചുകൊണ്ടുപോകാൻ പോലീസ് അനുവദിച്ചിട്ടില്ല. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ 4 വിദ്യാർത്ഥികൾ കോളേജിന് പുറത്ത് റോഡരികിൽ അർദ്ധരാത്രി മദ്യപിക്കുകയും മദ്യക്കുപ്പികൾ റോഡിലേയ്ക്ക് വലിച്ചെറിഞ്ഞ് അക്രമം ഉണ്ടാക്കുകയും ചെയ്തപ്പോൾ സമീപവാസികൾ ഫോൺ ചെയത് അറിയിച്ച

തിനെത്തുടർന്നാണ് വെസ്റ്റ് സി.ഐ.യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം 4 പേരെയും സ്റ്റേഷനിൽ കൊണ്ടുപോയത്. മദ്യപിച്ച് ബഹളമുണ്ടാക്കിയതുകൊണ്ടും വിദ്യാർത്ഥികളായതുകൊണ്ടും ഇവരെ പിറ്റേദിവസം രാവിലെ വിട്ടയയ്ക്കണമെന്നുപറഞ്ഞ് സി.ഐ. പോയതിനുശേഷമാണ് എസ്.എഫ്.ഐ.-യുടെ ജില്ലാ സെക്രട്ടേറിയറ്റ് അംഗമായ കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറുടെ നേതൃത്വത്തിൽ കോളേജ് യൂണിയൻ ചെയർമാൻ ഉൾപ്പെടെയുള്ള 25-ഓളം എസ്.എഫ്.ഐ പ്രവർത്തകർ പോലീസ് സ്റ്റേഷനുമുമ്പിൽ വന്ന് മുദ്രാവാക്യം വിളിക്കുകയും പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും ചെയ്തത്. ഇവർക്കെതിരെ നരഹത്യ, കരുതിക്കൂട്ടിയുള്ള ആക്രമണം, ആയുധംകൊണ്ട് മർദ്ദിക്കൽ തുടങ്ങിയ വകുപ്പുകളനുസരിച്ചാണ് കേസ്സെടുത്തിരിക്കുന്നത്. കൂടുതൽ പോലീസ് വന്നതിനുശേഷമാണ് സ്ഥിതി ശാന്തമായത്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിരന്തരമായി ഇത്തരം സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ക്രമസമാധാനനില പാലിക്കേണ്ട പോലീസിന് നീതിയും സംരക്ഷണവും ലഭിക്കുന്നില്ല. ക്രമസമാധാനനില പൂർണ്ണമായി തകരുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഡി.വൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : പോലീസ് സ്റ്റേഷനിൽനിന്നും പ്രതികളെ മോചിപ്പിച്ചുകൊണ്ടുപോകാൻ നടത്തിയ ശ്രമം പോലീസ് തടഞ്ഞതിലൂടെ ഒരുകാരണവശാലും ഇത്തരത്തിലുള്ള നടപടി അനുവദിക്കുകയില്ലെന്ന്

ഗവൺമെന്റ് നൽകിയ ഉറപ്പ് അക്ഷരംപ്രതി പാലിച്ചിരിക്കുകയാണ്. ഈ സംഭവത്തിന്റെ പേരിൽ കോളേജ് യൂണിയൻ ചെയർമാനേയും യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറേയുമടക്കം അറസ്റ്റ് ചെയ്ത നടപടി പോലീസ് ആരേയും സംരക്ഷിക്കുകയില്ലെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. നരഹത്യശ്രമത്തിന്റെ പേരിലാണ് പ്രതികൾക്കെതിരെ കേസ്സെടുത്തിട്ടുള്ളത്. ഈ സംഭവത്തിൽ പോലീസ് നിയമാനുസൃതമായി പ്രവർത്തിച്ചിട്ടുണ്ട്. അവിടെ പോലീസിന്റെ അംഗസംഖ്യ കുറവായിരുന്നുവെന്നത് വസ്തുതയാണ്. പോലീസ് സ്റ്റേഷനുകളിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ പ്രത്യേക സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. ജി.കാർത്തികേയൻ, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി എന്നീ ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗ ങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) വ്യവസായ മലിനീകരണം

ശ്രീ. എം.ചന്ദ്രൻ: വ്യവസായവൽക്കരണം നാടിന്റെ അഭിവൃദ്ധിക്കും തൊഴിൽ ലഭ്യതയ്ക്കും അത്യന്താപേക്ഷിതമാണെങ്കിലും ഇതിന്റെ ഭാഗമായു ണ്ടാകുന്ന മലിനീകരണംമൂലം ജനങ്ങൾ ദുരിതം അനുഭവിക്കുകയാണ്. എറണാകുളത്ത് ഏലൂരും പാലക്കാട് പുതുശ്ശേരി പഞ്ചായത്തിലെ കഞ്ചിക്കോടും വളർന്നുകൊണ്ടിരിക്കുന്ന വ്യവസായ മേഖലകളാണ്. കഞ്ചി ക്കോട് വ്യവസായ മേഖലയിലെ ഇരുമ്പുരുക്കു കമ്പനികളിൽ നിന്നും പുറന്തള്ളുന്ന ഖര-ദ്രവ്യ-വാതക മാലിന്യങ്ങൾ കാരണം അവിടെയുള്ള വിവേകാനന്ദ കോളനി, ചുള്ളിമട, അട്ടപ്പളം തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതം ദുസ്സഹമാണ്. കുടിവെള്ളം ഉപയോഗശൂന്യമാക്കുന്ന രീതിയിൽ മാലിന്യങ്ങൾ കോരയാർപ്പുഴയിലേയ്ക്ക് ഒഴുക്കിവിടുകയാണ്. ഐ.എം.എ.യുടെ ആഭിമുഖ്യത്തിൽ മലമ്പുഴ ഡാമിനടുത്ത് സ്ഥാപിച്ച 'ഇമേജ്' എന്ന സ്ഥാപനമാണ് അവിടത്തെ എല്ലാ ആശുപത്രി മാലിന്യങ്ങളും സംസ്ക്കരിക്കുന്നത്. പാലക്കാട് പട്ടണ പ്രദേശങ്ങളിലും തൊട്ടടുത്ത പ്രദേശ ങ്ങളിലും കുടിവെള്ളമായി ഉപയോഗിക്കുന്ന മലമ്പുഴ ഡാമിലെ വെള്ളം മലീമസമാകുന്ന രീതിയിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുകൊണ്ടിരി ക്കുന്നത്. ഈ സ്ഥാപനത്തിന്റെ പരിസരത്തുള്ള ചെടികളുടെ ഇലകളെല്ലാം കറുപ്പ് നിറമായിക്കൊണ്ടിരിക്കുന്നു. ഏലൂർ മേഖലയിലെ കിണറുകളിലെ ജലം നിറവ്യത്യാസവും ദുർഗന്ധവും കാരണം ഉപയോഗയോഗ്യമല്ലാതായിരി ക്കുന്നു. പരിസരവാസികൾക്ക് ശ്വാസകോശം, കണ്ണ്, അസ്തി ഇവ സംബന്ധമായ അസുഖങ്ങളുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശ പ്രകാരമുള്ള മലനീകരണ നിർമ്മാർജ്ജന സംവിധാനങ്ങൾ നടപ്പാക്കാൻ വ്യവസായശാലകൾ തയ്യാറാകുന്നില്ല. മലിനീകരണ നിർമ്മാർജ്ജന സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട പ്രദേശങ്ങളിൽനിന്നും മാറി താമസിക്കാൻ താല്പര്യമുള്ളവരെ മാറ്റിപ്പാർപ്പിക്കുന്നതിനും ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനും ആരോഗ്യ പരിപാലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണങ്ങൾ തടയാൻ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ജല-വായൂ-മലിനീകരണ നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും പരിസ്ഥിതി സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരമുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചവരുന്നുണ്ട്. ജല-വായു-മലിനീകരണ നിയന്ത്രണ നിയമ പ്രകാരമുള്ള നിബന്ധനയ്ക്ക് വിധേയമായാണ് വ്യവസായങ്ങൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഏലൂർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 39 വ്യവസായങ്ങളെ ബോർഡിന്റെ നിബന്ധനയുടെ പരിധിയിൽകൊണ്ടുവന്നു. ഏലൂർ മേഖലയിലെ അന്തരീക്ഷവായുവിന്റേയും പെരിയാറിലെ വെള്ളത്തിന്റെയും ഗുണനിലവാരം രേഖപ്പെടുത്താൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പെരിയാർ തീരത്ത് ആട്ടോമാറ്റിക് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള ബോർഡിന്റെ അപേക്ഷ ജില്ലാ ഭരണകൂടത്തിന്റെ പരിഗണനയിലാണ്. പെരിയാറിലെ മാലിന്യം കുറയ്ക്കാനായി, സീറോ അഫ്ളുവെന്റ് ഡിസ്ചാർജ് സംവിധാനം ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയ 23 വ്യവസായങ്ങളിൽ 5 എണ്ണവും നിർഗ്ഗമന സ്ഥാനത്ത് പാഴ്ജല ഗുണനിലവാരം തുടർച്ചയായി

അളന്ന് രേഖപ്പെടുത്തുന്നതിന് ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയ 24 വ്യവസായങ്ങളിൽ 18 എണ്ണവും പാഴ്ജല നിർഗ്ഗമന കുഴലുകൾ നദിയിലെ ജലനിരപ്പിന് മുകളിലായി ഉയർത്തു ന്നതിന് നിർദ്ദേശം നൽകിയ 31 വ്യവസായങ്ങളിൽ 30 എണ്ണവും പാഴ്ജല നിർഗ്ഗമനത്തിന് മുമ്പ് 4 മണിക്കൂറെങ്കിലും അത് കെട്ടിനിർത്താനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയ 30 വ്യവസായശാല കളിൽ 23 എണ്ണവും മലിനീകരണ നിയന്ത്രണ സംവിധാനം തുടർച്ചയായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേക എനർജി മീറ്റർ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയ 23 വ്യവസായശാലകളിൽ 14 എണ്ണവും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് പുതുശ്ശേരി പഞ്ചായത്തിലെ 86 വ്യവസായശാല കളിലെ സ്റ്റീൽ യൂണിറ്റിൽ നിന്നുമുള്ള മലനീകരണത്തെപ്പറ്റി ലഭിച്ച പരാതി കളിന്മേൽ മലിനീകരണ നിയന്ത്രണ ബോർഡിലെ വിദഗ്ദ്ധർ അടങ്ങിയ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെള്ളം ശുദ്ധീകരിച്ച് പുനരുപ യോഗിക്കുന്നതിന് സംവിധാനങ്ങൾ എർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. വ്യവസായശാലകളിലെ ചിമ്മിനിയുടെ ഉയരം 30 മീറ്ററാക്കാനും ചിമ്മിനിയിൽ നിന്നുള്ള പൊടി നിർമ്മാർജ്ജനം ചെയ്യുന്നതിനോ സിമന്റ് മില്ലുകളിൽ ഉപയോഗിക്കുന്നതിനോ നൽകിയ നിർദ്ദേശം പുതുശ്ശേരി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചിമ്മിനി യൂണിറ്റുകൾ പാലിക്കുന്നുണ്ട്. ഏലൂർ ഗ്രാമ പഞ്ചായത്തിലെ 9 വാർഡുകളിൽ താമസിക്കുന്ന നാലായിരം കുടുംബ ങ്ങൾക്ക് കമ്പനികളുടെ സഹായത്തോടെ ഒരു ഇൻഷ്വറൻസ് സ്കീം നടപ്പാക്കാനും ഓരോ കമ്പനിയുടേയും ടേൺ ഓവറിനെ അടിസ്ഥാനപ്പെ ടുത്തി വിഹിതം ശേഖരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി ഉടനെ ആരംഭിക്കും. പുതുശ്ശേരി പഞ്ചായത്തിലെ കഞ്ചിക്കോട് മേഖലയിലെ

ജനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് ബോർഡ് മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

(2) സൈബർ കുറ്റകൃത്യങ്ങൾ

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : സൈബർ ക്രൈമിലൂടെ സമൂഹം ഇന്ന് വലിയ ഭീഷണിയെ നേരിടുകയാണ്. വ്യക്തിപരമായ തേജോവധവും വ്യാപകമായ തട്ടിപ്പും അശ്ളീല ചിത്രങ്ങളുടെ പ്രചരണവും പണത്തട്ടിപ്പും ഇതുവഴി നടക്കുന്നു. കമ്പ്യൂട്ടർ ട്രസ്പ്പാസിംഗ് സൈബർ ക്രൈമിന്റെ ഭാഗമായി വന്നിട്ടുണ്ട്. ഗവൺമെന്റിന്റെയും വ്യക്തികളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും ശൃംഖലകളിൽ അനധികൃതമായി കടന്നുകയറാനുള്ള ശ്രമം നടക്കുകയാണ്. സർക്കാർ തീരുമാനങ്ങൾ ചോർത്തിയെടുക്കാൻ ഇത് വഴിയൊരുക്കും. ഈ ക്രൈമിന്റെ ഭാഗമായി അക്സസ് കമ്പ്യൂട്ടർ തട്ടിപ്പ് നടക്കുകയാണ്. വിദേശ രാജ്യങ്ങളിലുള്ളതുപോലെ സൈബർ ക്രൈം ടാസ്ക് ഫോഴ്സ് രൂപീകരിക്കാനും സൈബർ സ്റ്റേഷൻ എല്ലായിടത്തും ആരംഭിക്കാനും നടപടി സ്വീകരിക്കണം. ബാങ്ക് അക്കൗണ്ടുകളിൽപ്പോലും തിരിമറി നടന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സൈബർ ക്രൈം നേരിടുന്നതിനു വേണ്ടി ഫലപ്രദമായ നിയമമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാന ജില്ലാതലത്തിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനുവേണ്ടി ഒരു സംവിധാനമുണ്ടാക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണുകളുടെ നിരോധനം ഏർപ്പെടുത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാനത്ത് മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റി

ന്റെയും ദുരുപയോഗം വർദ്ധിച്ചുവരികയാണ്. വീട്ടമ്മമാരും പെൺകുട്ടികളുമാണ് മൊബൈൽ ഫോൺ വഴിയുള്ള ശല്യങ്ങൾക്ക് ഇരയാകുന്നത്. തെറ്റായ പേരും മേൽവിലാസവും ഫോട്ടോയും നൽകി ഫോൺ വരിക്കാരാകുന്ന കുറ്റവാളികളെ കണ്ടെത്തുന്നത് ശ്രമകരമായ പ്രവർത്തനമാണ്. സൗജന്യ സേവനങ്ങൾ നൽകുന്ന വെബ്സൈറ്റുകളും ധാരാളമുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഇന്റർനെറ്റ് കഫേകളിൽ വരുന്നവരുടെ പേരുവിവരം, തീയതി, സമയം മുതലായവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആശുപത്രികൾ, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, സിനിമാ തിയേറ്ററുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മൊബൈൽ ഫോൺ ദുരുപയോഗം നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. സൈബർ കഫേകളെയും അവയുടെ പ്രവർത്തനത്തേയും നിയന്ത്രിക്കുന്നതുസംബന്ധിച്ച് ഒരു റെഗുലേഷൻ അത്യാവശ്യമാണ്. ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണത്തെപ്പറ്റി പരിശോധിച്ചുവരികയാണ്. കേന്ദ്രസർക്കാർ കൊണ്ടുവന്ന ഐ.ടി. ആക്ട് കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. പോലീസ് ഡയറക്ടർ ജനറലിന്റെ 5-5-2006-ലെ ഉത്തരവനുസരിച്ച് പോലീസ് ആസ്ഥാനത്ത് സൈബർ ഫോറൻസിക്കിൽ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ഒരു ഹൈടെക് ക്രൈം എൻക്വയറി സെല്ലും എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ജില്ലാ സൈബർ സെല്ലുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഇത്തരം കേസ്സുകൾ മാത്രം കൈകാര്യം ചെയ്യാൻ സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കീഴിൽ തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. പോലീസ് സേനയിൽ ഈ വിഷയത്തിൽ വൈദഗ്ദ്ധ്യം നേടിയ ഉദ്യോഗസ്ഥരെ ഇത്തരം സ്റ്റേഷനുകളിൽ നിയോഗിക്കാനാണ് നിർദ്ദേശം

കൊടുത്തിട്ടുള്ളത്. കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ സി-ഡാക്കിന്റെ സഹായ ത്തോടെ കേരളാ പോലീസിലെ നിരവധി ഉദ്യോഗസ്ഥർക്ക് സൈബർ ക്രൈം അന്വേഷണത്തിനുള്ള വിദഗ്ദ്ധ പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്. കേരള ത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും കംപ്യൂട്ടർവൽക്കരിക്കാനും ഇന്റർനെറ്റ് സംവിധാനം പഠിച്ചിട്ടുള്ള ഓഫീസർമാരെ നിയമിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. കുറ്റകൃത്യങ്ങൾ വ്യാപിക്കാൻ ഇടയുള്ളതുകൊണ്ട് പോലീസിനെ മോഡെണൈസ് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**സബ്മിഷൻ**

(1) റഷ്യയിലകപ്പെട്ടുപോയ യുവാക്കളുടെ മോചനം

ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് : മൂന്ന് മാസങ്ങൾക്കുമുമ്പ് വ്യാജ റിക്രൂട്ടിംഗ് ഏജൻസിയുടെ വലയിൽപ്പെട്ട് റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബെർഗ്ഗിലെ രഹസ്യ സങ്കേതത്തിൽ തടവിൽ കഴിയുന്ന അറുപതോളം വരുന്ന യുവാക്കളെ മോചിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : വ്യാജ റിക്രൂട്ടിംഗ് സംഘത്തിന്റെ വലയിലായി റഷ്യയിലകപ്പെട്ടുപോയ യുവാക്കളുടെ യാതനകളെപ്പറ്റി ഫോൺ മുഖാന്തിരവും ബന്ധുക്കളിൽനിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നോർക്ക വഴി ഇക്കാര്യം നയതന്ത്ര കാര്യാലയങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വ്യാജ റിക്രൂട്ടിംഗ് ഏജൻസിക്കെതിരെ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കു ന്നതിന് പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. 36 പേരുടെ വിസ കാലാവധി കഴിഞ്ഞിട്ടുണ്ട്. 8 പേരെ നാട്ടിലേയ്ക്ക് മടക്കിയ

യ്ക്കുന്നതിന് നടപടി സ്വീകരിക്കുകയും മറ്റുള്ളവരെ നിയമാനുസൃതം നാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിന് എമിഗ്രേഷൻ അധികാരികൾക്ക് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. ഇവരുടെ മോചനത്തിനായി കേന്ദ്ര ഗവൺമെന്റിലും സമ്മർദ്ദം ചെലുത്തിവരികയാണ്.

(2) ബസ്സപകടത്തിൽപ്പെട്ടവർക്ക് ധനസഹായം

ശ്രീ. കെ. രാജു : 2009 ജൂലായ് മാസം 4-ാം തീയതി പുനലൂരിൽ വച്ചുണ്ടായ പ്രൈവറ്റ് ബസ്സപകടത്തിൽ മരണമടഞ്ഞ മൂന്നു പേരുടെ കുടുംബങ്ങൾക്കും ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവർക്കും കൂടുതൽ ധനസഹായം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പുനലൂരിലെ ബസ്സപകടം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ വ്യക്തമായ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ അധികാരികൾ സ്ഥലത്തെത്തുകയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും മറ്റ് ആശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിൽ കഴിയുന്നവർക്ക് അടിയന്തിര ചികിത്സ സഹായം ലഭ്യമാക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടംബത്തിന് 5000 രൂപ വീതവും ആശുപത്രിയിൽ കഴിയുന്നവർക്ക് 2000 രൂപ വീതവും അടിയന്തിര ധനസഹായം നൽകിയിട്ടുണ്ട്. ഇവർക്ക് കൂടുതൽ ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(3) ഓടക്കടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. പി. ജയരാജൻ : കുത്തുപറമ്പ് മണ്ഡലത്തേയും എടക്കാട് മണ്ഡലത്തേയും ബന്ധിപ്പിക്കുന്ന ഓടക്കടവ് പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പ് മന്ത്രി (ശ്രീ. മോൻസ് ജോസഫ്): ഓടക്കടവ് പാലത്തിന്റെ നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഏറ്റെടുത്തിരിക്കുന്നത്. നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകുന്നതിന് കാലതാമസം വന്നതിനാൽ കോർപ്പറേഷൻ ആവശ്യപ്പെട്ട നിരക്കുവർദ്ധന പരിഗണിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുക യാണ്. രണ്ട് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ നിർമ്മാണം മലബാർ പാക്കേജിന്റെ ഭാഗമായി മുടങ്ങിക്കിടന്ന പദ്ധതികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എത്രയുംപെട്ടെന്ന് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) ഡി.ഇ.ഒ. മാരുടെ ഒഴിവുകൾ

ശ്രീ. എ. പി. അനിൽകുമാർ : വണ്ടൂരിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ നിയമിക്കുന്നതിനും ബുക്ക് ഡിപ്പോ തുടങ്ങുന്നതിനും ആവശ്യമായ നടപടി കൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഡി.ഇ.ഒ. മാരെ നിയമിക്കാനുള്ള ഉത്തരവ് കൊടുത്തുകഴിഞ്ഞു.

(5) കരുമരക്കാട് ശിവക്ഷേത്രത്തിൽ നടന്ന കവർച്ച

ശ്രീ. എ. സി. മൊയ്തീൻ: വടക്കാഞ്ചേരി കരുമരക്കാട് ശിവക്ഷേത്ര ത്തിൽ നടന്ന കവർച്ചയെപ്പറ്റി ഊർജ്ജിത അന്വേഷണം നടത്തി കളവ് മുതൽ കണ്ടെത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതലെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കരുമരക്കാട് ശിവക്ഷേത്രത്തിൽ നടന്ന കവർച്ചയെപ്പറ്റി

ദേവസ്വം ബോർഡ് ഓഫീസറുടെ പരാതിയുടെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഫിംഗർ പ്രിന്റ് എക്സ്പേർട്ട്, ഡോഗ് സ്ക്വാഡ്, പോലീസ് ഫോട്ടോഗ്രാഫർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയും ക്രൈം കാർഡ് തയ്യാറാക്കിയും സമാന സ്വഭാവമുള്ള കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരെ പരിശോധിച്ചും 33 കെ.പി. ആക്ട് പ്രകാരം നോട്ടീസ് തയ്യാറാക്കിയും വിശദമായ അന്വേഷണം നടത്തിവരുന്നുണ്ട്. ഉന്നത പോലീസ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് അന്വേഷണത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം കൊടുത്തിട്ടുണ്ട്. വടക്കാഞ്ചേരി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം ഊർജ്ജിതമായി നടത്തിവരികയാണ്.

(6) <u>പ്രൊഫഷണൽ കോളേജുകളിലെ സംവരണ-മെറിറ്റ് അനുപാതം</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനത്തിൽ സംവരണ-മെറിറ്റ് സീറ്റുകളുടെ അനുപാതത്തിൽ ഉണ്ടാകുന്ന അസന്തുലിതാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

<u>വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി)</u>: പിന്തുടർന്നുവരുന്ന സമ്പ്രദായ പ്രകാരം സംവരണാനുകൂല്യം നഷ്ടപ്പെടുന്നില്ല. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് പ്രവേശനത്തിൽ ഉയർന്ന മെറിറ്റുള്ള കുട്ടികൾക്ക് മികച്ച കോളേജിൽ പഠിക്കാൻ അവസരം നൽകുമ്പോൾ താഴ്ന്ന മെറിറ്റിലുള്ള കുട്ടികൾ നിലവാരം കുറഞ്ഞ കോളേജുകളിൽ കേന്ദ്രീകരിക്കപ്പെടുന്ന പ്രശ്നം പരിഹരിക്കുന്നതിനായി എല്ലാ

കോളേജുകളുടെയും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിക്കും.

(7) പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി

ശ്രീ. എം. ഹംസ: പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനും കേരളത്തിന് റെയിൽവേ സോൺ അനുവദിക്കുന്നതിനും സത്വര നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേന്ദ്ര ഗവൺമെന്റിന്റെ റെയിൽവേ ബഡ്ജറ്റിൽ പരിഗണിക്കപ്പെടുന്നതിനായി മുൻഗണനാക്രമത്തിൽ പന്ത്രണ്ട് ആവശ്യങ്ങൾ സമർപ്പിച്ചിരുന്നെങ്കിലും പത്ത് കാര്യങ്ങളും അവഗണിക്കപ്പെട്ടു. കോച്ച് ഫാക്ടറിക്കായി സ്ഥലം കണ്ടെത്തുകയും റെയിൽവേ അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ കേരള ജനത ഒറ്റക്കെട്ടായി നിന്ന് ആവശ്യങ്ങൾ നേടിയെടുക്കണം. പ്രസ്തുത വിഷയത്തിൽ സഭയുടെ ഉത്കണ്ഠ കേന്ദ്രസർക്കാരിനെ അറിയിക്കണം.

(8) ഉർദു ഐ.ടി.ഐ.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: പ്രധാനമന്ത്രിയുടെ പതിനാലിന പരിപാടിയിലുൾപ്പെടുത്തി കേരളത്തിന് അനുവദിച്ച പത്ത് ഉർദു ഐ.ടി.ഐ. കൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നതും എവിടെയൊക്കെയാണ് അനുവദിക്കേണ്ടതെന്നതും സംബന്ധിച്ച് വ്യക്തതയുണ്ടാക്കുകയും അതിലൊരെണ്ണം മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഉപ്പളയിൽ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സംസ്ഥാനത്ത് ഉർദു ഭാഷ അധ്യയന മാധ്യമമായി അംഗീകരിച്ചിട്ടില്ലാത്തതി

നാൽ പ്രസ്തുത ഐ.ടി.ഐ.കളെ ഇംഗ്ലീഷ്-മലയാളം മീഡിയമായി മാറ്റി പ്രവർത്തനമാരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് കേന്ദ്ര ഗവൺമെന്റി നോടാവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല. പത്ത് കേന്ദ്രങ്ങൾ പ്രാവർത്തികമാകുമ്പോൾ ഉപ്പളയിൽ ഒരു ഐ.ടി.ഐ. സ്ഥാപിക്കണമെന്ന ആവശ്യം പരിഗണിക്കും.

(9) <u>സമഗ്ര ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കൽ</u>

<u>ശ്രീ. ബി.ഡി. ദേവസ്സി</u>: ചാലക്കുടി നിയോജകമണ്ഡലത്തിലെ പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിൽ സമഗ്ര ശുദ്ധജലവിതരണ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ</u>): ചാലക്കുടി നിയോജകമണ്ഡലത്തിലെ പരിയാരം, കോടശ്ശേരി, കുറ്റിപ്പുറം, ഇലഞ്ഞിപ്ര പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പ്രയോജനം കിട്ടത്തക്കവിധത്തിലുള്ളതും 25 കോടി 30 ലക്ഷം രൂപ അടങ്കൽ തുകയുള്ളതുമായ ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി പരിശോധന നടത്തിവരികയാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(10) <u>കൂട്ടക്കടവ് ചെക്ക് ഡാം</u>

<u>ശ്രീ. ടി.പി. കുഞ്ഞുണ്ണി</u>: തൃത്താല നിയോജകമണ്ഡലത്തിലെ കൂട്ടക്കടവ് ചെക്ക്ഡാം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ</u>): കൂട്ടക്കടവ് ചെക്ക്ഡാം പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രോസ്സസ് പൂർത്തിയായാ ലുടനെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും

നൽകി എത്രയുംപെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (11) വൈദ്യുതി കമ്പി പൊട്ടിവീണ് മരിച്ചവരുടെ കുടുംബത്തിന് ധനസഹായം

ശ്രീ. ടി.എൻ. പ്രതാപൻ: തൃശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിൽ വൈദ്യുതി കമ്പി പൊട്ടിവീണ് മരിച്ച സ്കൂൾ കുട്ടികളുടെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ചാവക്കാട് താലൂക്കിലെ ഏങ്ങണ്ടിയൂർ വില്ലേജിൽ ചുള്ളിപ്പടി പടിഞ്ഞാറ് ഭാഗത്ത് ജൂലായ് രണ്ടാം തീയതി വൈകുന്നേരമുണ്ടായ ശക്തമായ കാറ്റിലും മഴയിലും വൈദ്യുതി കമ്പി പൊട്ടി കെട്ടിക്കിടക്കുന്ന വെള്ളത്തിൽ വീണതിനെത്തുടർന്ന് സ്കൂൾ വിട്ട് വീട്ടിലേക്ക് വരികയായിരുന്ന രണ്ട് കുട്ടികൾ വൈദ്യുതാഘാതമേറ്റ് മരണപ്പെടുകയുമുണ്ടായി. വളരെ പാവപ്പെട്ട വീട്ടിലെ കുട്ടികളായതിനാൽ തഹസീൽദാർ സംസ്കാര കാര്യങ്ങൾക്ക് അടിയന്തിര സഹായം ചെയ്തുകൊടുത്തു. കാലവർഷക്കെടുതിമൂലമുണ്ടായ ഈ ദുരന്തത്തിന് പരമാവധി ചെയ്യാൻ കഴിയുന്ന സഹായം ചെയ്യുന്നതാണ്. ഒരു കുട്ടിക്ക് ഒരു ലക്ഷം രൂപ വീതം രണ്ട് ലക്ഷം രൂപ ആ കുടുംബത്തിന് കൊടുക്കൻ തീരുമാനമെടുത്തിട്ടുണ്ട്. ഈ വിവരം ഇലക്ട്രിസിറ്റി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻതന്നെ ഇലക്ട്രിസിറ്റി ബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവിടെ എത്തുകയും ബോർഡിന്റെ വക സാമ്പത്തിക സഹായം നൽകുകയുമുണ്ടായി.

**റിപ്പോർട്ട് സമർപ്പണം**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻ മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (985,56,29,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം (134,34,95,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും (520,23,93,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന : XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ

ധനാഭ്യർത്ഥനയേയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(സർവ്വശ്രീ എ.പി. അനിൽകുമാർ, വർക്കല കഹാർ, ബി. ബാബു പ്രസാദ്, എൻ. ശക്തൻ, കെ.സി. ജോസഫ്, എം.എ. വാഹീദ്, കെ. ബാബു, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജി. കാർത്തികേയൻ, സി.പി. മുഹമ്മദ്, ടി.എൻ. പ്രതാപൻ, എം. മുരളി, ജോസഫ് എം. പുതുശ്ശേരി, സി.ടി. അഹമ്മദ് അലി, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, പ്രൊഫ. എൻ. ജയരാജ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

<u>ശ്രീ. ജി. കാർത്തികേയൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുജനാരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കേരളം വൻതകർച്ചയെ നേരിടുകയാണ്. വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച് അന്തിമ തീരുമാനത്തിലെത്താൻപോലും സർക്കാരിന് കഴിയുന്നില്ല. വിദ്യാഭ്യാസ-പൊതുജനാരോഗ്യ മേഖലകളിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കണം. ആരോഗ്യ മേഖലയിൽ സർക്കാർ സംവിധാനത്തിലുള്ള തകർച്ചമൂലം രോഗികൾ സ്വകാര്യ ആശുപത്രികളെയാണ് അഭയം പ്രാപിക്കുന്നത്. സർക്കാർ ആശുപത്രികളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ആവശ്യമായ ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും ലഭ്യമാക്കുകയും ചെയ്യണം. ആരോഗ്യ വകുപ്പിലെയും എൻ. ആർ. എച്ച്. എം-ലെയും കെടുകാര്യസ്ഥതയും ധൂർത്തും നിയന്ത്രിക്കണം. കേന്ദ്ര സർക്കാർ 2006 മുതൽ 2012 വരെയുള്ള വർഷത്തേയ്ക്ക് ആരോഗ്യസംരക്ഷണത്തിനുവേണ്ടി കേന്ദ്രസർക്കാർ അനുവദിച്ച 500 കോടിയോളം രൂപ

ആരോഗ്യമേഖലയിലെ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരണ ത്തിനുംവേണ്ടി ചെലവഴിക്കാൻ സാധിക്കണം. സംസ്ഥാനത്താകെ പടർന്നു പിടിച്ചിരിക്കുന്ന പനി നിയന്ത്രണ വിധേയമാക്കുകയും കൊതുകു നശീകരണ ത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. ലാബ് ടെക്നി ഷ്യൻമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കണം. 33 സർക്കാർ ബ്ളഡ് ബാങ്കുകളിൽ 20 സ്ഥലത്തും സ്ഥിരം ടെക്നിഷ്യൻമാരി ല്ലെന്നുമാത്രമല്ല 15 ബ്ളഡ് ബാങ്കുകൾ അടയ്ക്കുകയും ചെയ്തു. സർക്കാർ ആശുപത്രികളിലെ അപര്യാപ്തത സ്വകാര്യ ആശുപത്രികൾക്ക് ഗുണകരമാ കുന്നു. സർക്കാർ ആശുപത്രികളിലെ സാനിറ്ററി റൗണ്ട്സ് സംവിധാനം പുന:സ്ഥാപിക്കണം. മരുന്നുകളുടെ വില നിയന്ത്രിക്കാൻ നടപടി സ്വീകരി ക്കണം. സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും സ്വകാര്യ ആശുപത്രികളെ നിയന്ത്രണവിധേയമാക്കുകയും വേണം. ഓപ്പൺ ഹാർട്ട് സർജറി, ആൻജിയോഗ്രാം തുടങ്ങിയവയ്ക്ക് സർക്കാർ ആശുപത്രികളും സ്വകാര്യ ആശുപത്രികളും ഈടാക്കുന്ന ചാർജ്ജുകളിൽ അന്തരം നിലനിൽക്കുകയാണ്. ഫോറിൻ എക്സ്ചേഞ്ച് സിസ്റ്റം അനുസരിച്ച് വിദേശികൾക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ ചികിത്സ ലഭിക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. വിദേശികൾ കൂടുതലായി വരുന്നതുകൊണ്ട് സ്വകാര്യ ആശുപത്രികൾ വിവിധ ചികിത്സകൾക്ക് ചാർജ്ജ് വർദ്ധനവ് വരുത്തിക്കൊണ്ടിരിക്കുകയാണ്. ചികിൽസയ്ക്ക് വിദേശികൾ കൊടുക്കുന്ന ചാർജ്ജ് കേരളത്തിലെ പാവപ്പെട്ടവരും കൊടുക്കേണ്ടിവരുന്ന ഗുരുതരമായ അവസ്ഥയെപ്പറ്റി ചിന്തിക്കണം. ലബോറട്ടറികളെ നിയന്ത്രിക്കണം. രോഗങ്ങൾ ചികിത്സിക്കാനും പുതിയ രോഗങ്ങളെ നിയന്ത്രിക്കാനുമുള്ള സംവിധാനങ്ങൾ മികവുറ്റതാക്കണം. ഡോക്ടർ

മാർക്ക് രോഗികളോടുള്ള പ്രതിബദ്ധത വളർത്തണം. ആരോഗ്യമേഖലയിൽ ദീർഘകാല ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തണം.

ശ്രീ. സാജു പോൾ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനനം കേരളത്തിലെ പൊതുജനാരോഗ്യ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കി. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് തടയാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത് പ്രശംസനീയമാണ്. മദർ തെരേസയുടെ ജന്മദിനമായ ആഗസ്റ്റ് 27 അഭയദിനമായി ആചരിക്കാൻ തീരുമാനിച്ചത് നല്ല കാര്യമാണ്. ആൺമക്കളുള്ള വിധവകൾക്കും പെൻഷൻ അനുവദിച്ചു. പോങ്ങൻചോട് ഗിരിവർഗ്ഗ കോളനിയിൽ അംഗൻവാടി ആരംഭിച്ചു. കാസർഗോഡ് മുതൽ പാറശ്ശാലവരെയുള്ള ആശുപത്രികളെക്കുറിച്ച് വിശദമായി പഠിക്കുന്നതിനുവേണ്ടി ജനജാഗ്രതാ സദസ്സ് സംഘടിപ്പിച്ചു. ആരോഗ്യവകുപ്പിൽ പുതിയതായി 400-ലേറെ തസ്തികകൾ സൃഷ്ടിച്ചു. 9755 പേർക്ക് സ്ഥിര നിയമനവും, 4688 പേർക്ക് പ്രൊമോഷനും നൽകി. എൻ.ആർ. എച്ച്.എം. മുഖേന 1000 നഴ്സുമാരെ നിയമിച്ചു. 908 താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി. അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ഡോക്ടർമാരെ പിരിച്ചു വിടാൻ നടപടി സ്വീകരിച്ചു. 300 ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തു. വികലാംഗ ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ചു. പേവിഷബാധയേൽക്കുന്നവർ, കാൻസർ രോഗികൾ എന്നിവർക്ക് സൗജന്യ ചികിത്സ ഏർപ്പെടുത്തി. പട്ടിണി രഹിത പരിപാടി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി. മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ വർദ്ധിപ്പിച്ചു. 3 നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചു. സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കി. ഡോക്ടർമാർക്ക് സ്പെഷ്യൽ

അലവൻസ് ഏർപ്പെടുത്തി. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം സജീവമാക്കി. ആശുപത്രികളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ഹൗസ് കീപ്പിംഗ് വിഭാഗവും ലോൺട്രിയും ആരംഭിച്ചു. അംഗൻവാടികൾ സജീവമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മരുന്നു വാങ്ങൽ സുതാര്യമാക്കി. ഡോക്ടർമാരുടേയും മറ്റും സ്ഥലം മാറ്റത്തിൽ ഉണ്ടായിരുന്ന അഴിമതി ഇല്ലാതാക്കി. ആയുർവേദം, സിദ്ധ, യുനാനി മേഖലകളിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗം ആരംഭിച്ചു. 120 ആയുർവേദ, ഹോമിയോ ആശുപത്രികൾ തുടങ്ങി. ആർ.സി.സി. ആധുനികവൽക്കരിച്ചു. വനിതാ വികസന കോർപ്പറേഷനിൽ കാതലായ മാറ്റങ്ങൾ വരുത്തി. സംസ്ഥാനത്തെ ആശുപത്രികളിൽ നാല് മണിക്കുശേഷം പോസ്റ്റ്മോർട്ടം നടത്തുന്നതിനും മൃതദേഹം വിട്ടുകൊടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. പൊല്യൂഷൻ കൺട്രോൾ ബോർഡിലെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കണം. എം.എസ്.സി. നേഴ്സിംഗ് കോഴ്സുകൾ കൂടുതൽ ആരംഭിക്കാനും ആവശ്യത്തിന് അധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിക്കണം. പെയിൻ ആന്റ് പാലിയേറ്റീവ് സെന്ററുകളും ഡീ അഡിക്ഷൻ സെന്ററുകളും കൂടുതൽ ആരംഭിക്കണം. വിവാഹ ധൂർത്ത് അവസാനിപ്പിക്കണം. പാരമ്പര്യ വൈദ്യന്മാർക്ക് അംഗീകാരം നൽകിക്കൊണ്ട് ഈ രംഗത്ത് നിലനിൽക്കുന്ന ആശങ്കയകറ്റാൻ കഴിയണം. അംഗൻവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനും പെൻഷൻ പദ്ധതി ഏർപ്പെടുത്തണം. ഹോസ്പിറ്റലുകൾക്കുനേരെയുള്ള അക്രമം തടയുന്നതിന് ശക്തമായ നിയമനിർമ്മാണം കൊണ്ടുവരണം. സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കണം. കേരളത്തെ ഒരു ശുചിത്വ സംസ്ഥാനമാക്കി മാറ്റാൻ പൊല്യൂഷൻ കൺട്രോൾ ബോർഡ്,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ക്ലീൻ കേരള മിഷൻ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കണം. ബയോ-മെഡിക്കൽ വേസ്റ്റ് സംസ്ക്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തണം. രക്തദാനം, നേത്രദാനം, മൃതശരീര ദാനം എന്നിവ പ്രോത്സാഹിപ്പിക്കണം. ആരോഗ്യ മേഖലയിലെ സേവന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ കഴിയണം. പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്കിന്റെ ഒന്നാംനില പുതുക്കിപണിയണം. പെരുമ്പാവൂരിലെ ആയുർവേദ ആശുപത്രി ഹെറിറ്റേജ് ബിൽഡിംഗായി മെച്ചപ്പെടുത്തണം. ഒക്കൽ ഗ്രാമപഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്ററും ആയുർവേദ ആശുപത്രിയും ആരംഭിക്കണം. ഹോസ്പിറ്റൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കണം. വികലാംഗരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിവിധതരം പകർച്ചപ്പനികൾ സംസ്ഥാനത്ത് പടർന്നുപിടിക്കുകയാണ്. പ്രതിരോധ കുത്തിവയ്പ്, തുള്ളിമരുന്ന് എന്നിവയിലൂടെ തടയാൻ കഴിയുമെന്ന് വിശ്വസിച്ചിരുന്ന രോഗങ്ങൾപോലും റിപ്പോർട്ട് ചെയ്യപ്പെടുകയും ആളുകൾ മരണപ്പെടുകയും ചെയ്യുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ ആവശ്യമായ ചികിൽസാ സൗകര്യങ്ങളില്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുകയാണ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന എൻ.ആർ.എച്ച്.എം. പദ്ധതിയിലൂടെ സംസ്ഥാനത്തിന് 554.36 കോടി രൂപയുടെ ധനസഹായം ലഭിച്ചുവെങ്കിലും 445.2 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ജനകീയ ആരോഗ്യ നയം കൊണ്ടുവന്ന് ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുപകരം ആർഭാടങ്ങൾക്കുവേണ്ടി പണം ധൂർത്തടിക്കുക

യാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തണം. ഓരോ പഞ്ചായത്ത് വാർഡിനും 10000 രൂപ വീതം നൽകിയതുകൊണ്ട് ആരോഗ്യ മേഖല മെച്ചപ്പെടുമെന്ന് കരുതുന്നത് ശരിയല്ല. പ്രതിരോധ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ അധികൃതർ തയ്യാറാകുന്നില്ല. സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കാനോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ നവീകരിക്കാനോ കഴിഞ്ഞിട്ടില്ല. ഡോക്ടർമാരുടെയും നഴ്സുമാരുടേയും ഒഴിവുകൾ നികത്തുമെന്നും എല്ലാ ജില്ലകളിലും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി സ്ഥാപിക്കുമെന്നും പി.എച്ച്.സി.കളുടെ ചുമതല പഞ്ചായത്തുകൾക്ക് നൽകുമെന്നുമൊക്കെയുള്ളത് പ്രഖ്യാപനങ്ങൾ മാത്രമായി അവശേഷിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളുടെ നവീകരണത്തിന് അനുവദിച്ച പണം യഥാസമയം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കണം. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരിൽനിന്നും ക്യാൻസർ ചികിത്സയ്ക്കുള്ള റേഡിയേഷനുവേണ്ടി പണം ഈടാക്കുന്നതിനും ഐ.സി.യൂണിറ്റുകളിൽ കിടക്കുന്ന രോഗികളിൽനിന്നും ദിവസം 100 രൂപാ വീതം ഈടാക്കുന്നതിനുമുള്ള തീരുമാനം പുന:പരിശോധിക്കണം. പുതിയ ഹോമിയോ, അലോപ്പതി, ആയൂർവേദ ആശുപത്രികൾ തുടങ്ങാൻ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചില്ലെങ്കിൽ 2012-നുശേഷം ആരോഗ്യ മേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. 20 കിടക്കകളുള്ള കൊണ്ടോട്ടിയിലെ വള്ളുവമ്പ്രത്തുള്ള ആയൂർവേദാശുപത്രി ഡോക്ടർമാരെ നിയമിക്കാത്തതുകൊണ്ട് പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. കരിപ്പൂർ വിമാനത്താവളത്തിനടുത്തുള്ള കമ്മ്യൂണിറ്റി ഹെൽത്ത്

സെന്ററിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിനും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കണം. കാഴ്ചയില്ലാത്തവരുൾപ്പെടെയുള്ള വികലാംഗർക്ക് ഉദ്യോഗത്തിൽ മൂന്ന് ശതമാനം സംവരണം എന്നുള്ളത് ഇതുവരെ പാലിച്ചിട്ടില്ല. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി വിഹിതത്തിന്റെ 3 ശതമാനത്തിൽ കുറയാത്ത സംഖ്യ വികലാംഗർക്ക് നീക്കിവയ്ക്കണം. പൊതുജനാരോഗ്യ നിയമത്തിന് രൂപം കൊടുക്കണം. കേന്ദ്ര സർക്കാരിന്റെ ഫണ്ടും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഉണ്ടായിട്ടും കൊതുകു നിവാരണ നടപടികൾ ഫലപ്രദമാകുന്നില്ല. വൈകുന്നേരം നാല് മണിക്കുശേഷവും ആശുപത്രികളിൽ പോസ്റ്റുമോർട്ടം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പോസ്റ്റുമോർട്ടം നടത്തി ഇൻക്വിസ്റ്റ് തയ്യാറാക്കുന്നതു സംബന്ധിച്ചുള്ള നിയമം കാലോചിതമായി പരിഷ്ക്കരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി: (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പോസ്റ്റുമോർട്ടം നടത്തി ഇൻക്വിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമത്തിൽ പോലീസുദ്യോഗസ്ഥർക്ക് വിവേചനാധികാരമുണ്ടെങ്കിലും അവർ അത് ഫലപ്രദമായി ഉപയോഗിക്കുന്നില്ല. മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നിയമത്തിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീമതി ഇ.എസ്.ബിജിമോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യരംഗത്ത് നൂതനമായ പരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഔഷധ രംഗത്തെ മാഫിയാ പ്രവർത്തനം അവസാനിപ്പിക്കാൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ഗുണമേന്മയുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും ലഭ്യമാക്കി. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ

പ്രൈസിംഗ് അതോറിറ്റി വഴി കമ്പോളത്തിലെ എല്ലാ മരുന്നുകളുടേയും വില നിശ്ചയിക്കാൻ സമ്മർദ്ദം ചെലുത്തേണ്ടതാണ്. കൊളസ്ട്രോൾ, ഷുഗർ, ഹാർട്ടറ്റാക്ക് എന്നീ രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് അമിതവില ഈടാക്കുന്നത് തടയാൻ നടപടികൾ സ്വീകരിക്കണം. ആരോഗ്യമേഖലയിലെ സേവനം സാധാരണക്കാരിൽ എത്തിക്കാൻ ഗവൺമെന്റിന് സാധിച്ചു. 23 സി.എച്ച്.സി.കളെ താലൂക്ക് ആശുപത്രികളായി ഉയർത്തി. 153 പി.എച്ച്.സി.കളിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. എം.പി., എം.എൽ.എ., ത്രിതതല പഞ്ചായത്ത് ഭരണ സമിതികൾ ഇവരുടെ ഫണ്ട് ഉപയോഗിച്ച് പണിത വാർഡുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം. 120 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് തിരുവനന്തപുരം മെഡിക്കൽകോളേജിൽ നടക്കുന്നത്. സംസ്ഥാനത്തെ എല്ലാ മെഡിക്കൽകോളേജുകളിലും എം.ആർ.ഐ. സ്കാനർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽകോളേജുകളിൽ അതിന്റെ ഇംപ്ളിമെന്റേഷൻ പൂർത്തിയാക്കി. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് പുതിയ നേട്ടം കൈവരിക്കാൻ സാധിച്ചു. 50 സീറ്റുകൾ വീതം മൂന്ന് സർക്കാർ മെഡിക്കൽകോളേജുകളിൽ വർദ്ധിപ്പിച്ചു. മെഡിക്കൽ പി.ജി. പ്രവേശനത്തിന് സർവ്വീസ് ക്വാട്ട ഏർപ്പെടുത്തി. ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഗ്രാമപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് നെറ്റ് കണക്ഷൻ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. മാരക രോഗ നിയന്ത്രണ നിരീക്ഷണ സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ കുട്ടികളിൽനിന്ന് ആരംഭിക്കണം.

മരുന്നുകളുടെ സൈഡ് എഫക്ടിനെക്കുറിച്ച് ഡോക്ടർമാർക്കിടയിലും രോഗികൾക്കിടയിലും ബോധവൽക്കരണം നടത്തണം.

ശ്രീ. സി. എഫ്. തോമസ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ മേഖലയിൽ സാധാരണക്കാർക്ക് ലഭ്യമാകുന്ന സൗകര്യം അപര്യാപ്തമാണ്. ദേശീയ ഗ്രാമ ആരോഗ്യ മിഷന്റെ ഫണ്ട് ഗവൺമെന്റ് ആശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തി. മെഡിക്കൽകോളേജുകളിൽ സാധാരണക്കാർക്ക് മെച്ചപ്പെട്ട ചികിൽസ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഡോക്ടർമാരുടെ അപര്യാപ്തത പരിഹരിക്കണം. മെഡിക്കൽകോളേജുകളെ റഫറൽ ആശുപത്രികളായി മാറ്റിയിരിക്കുന്ന സാഹചര്യത്തിൽ ജില്ലാ/താലൂക്ക് ആശുപത്രികളിൽ അത്യാവശ്യ ചികിൽസാ സൗകര്യത്തിനുള്ള സംവിധാനം ഒരുക്കണം. ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തണം. കേന്ദ്രഗവണ്മെന്റ് ഈ വർഷം അനുവദിച്ച ഫ്ളെക്സിബിൾ ഫണ്ട് ഉപയോഗപ്രദമായ രീതിയിൽ ചെലവാക്കി ആരോഗ്യരംഗം മെച്ചപ്പെടുത്തണം. സംസ്ഥാന മെഡിക്കൽ എഡ്യൂക്കേഷന്റേയും ഹെൽത്ത് ഡയറക്ടറേറ്റിന്റേയും കീഴിലുള്ള എല്ലാ മികച്ച ഡോക്ടർമാരും മൂന്നു കൊല്ലം കഴിയുമ്പോൾ പിരിഞ്ഞുപോകുന്ന സ്ഥിതിയാണുള്ളത്. എൻട്രി കേഡറിൽ ഡോക്ടർമാരെ കിട്ടണമെങ്കിൽ ആകർഷകമായ ശമ്പളം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. എൻ.ആർ.എച്ച്.എം.ഫണ്ട് കിട്ടുന്നതുകൊണ്ട് സാധാരണ ഉൾപ്പെടുത്തുന്ന പണംപോലും ബഡ്ജറ്റിൽ നീക്കിവയ്ക്കാത്ത സ്ഥിതിയാണുള്ളത്. നിലവിലുള്ള 5 മെഡിക്കൽകോളേജുകളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി മികച്ച ഡോക്ടർമാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. രോഗനിയന്ത്രണത്തിനുള്ള സജ്ജീ

കരണങ്ങൾ ഏർപ്പെടുത്തണം. തകരാറിലായ ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാക്കണം. താലൂക്കാശുപത്രികളിൽ ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കണം. ആരോഗ്യമേഖലയിൽ സർക്കാർ ചെലവഴി ക്കുന്ന തുക ഗണ്യമായി വർദ്ധിപ്പിക്കണം.

ശ്രീ. വി. സുരേന്ദ്രൻപിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു ആരോഗ്യമേഖലയിൽ നടന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാന ത്തിന്റെ മുഖച്ഛായ മാറ്റാനും ഗവണ്മെന്റിന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കാനും കഴിഞ്ഞു. അഴിമതിക്ക് അതീതമായ ഒരു സംസ്ക്കാരം ആരോഗ്യരംഗത്ത് കൊണ്ടുവരാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് 90 ശതമാനം എൻ.ആർ.എച്ച്.എം. ഫണ്ടും വിനിയോഗിക്കാൻ സാധിച്ചു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി 50 ശതമാനത്തോളം ആളുകൾ ഇന്ന് ഗവണ്മെന്റ് ആശുപത്രിയെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും ജനറൽ ആശുപത്രിയിലും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 24 മണിക്കൂറും കാഷ്വാലിറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. തീരദേശത്തെ ആശുപത്രി കളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 77 കോടി യോളം രൂപ മാറ്റിവച്ചത് സ്വാഗതാർഹമാണ്. തിരുവനന്തപുരം വെസ്റ്റ് മണ്ഡലത്തിൽ തീരപ്രദേശത്ത് ഒരു സർക്കാർ ആശുപത്രി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എം. കെ. പുരുഷോത്തമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗവൺമെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായി ആരോഗ്യ വകുപ്പിൽ ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ ശ്രമഫലമായിട്ടാണ് കേന്ദ്ര ഗവൺമെന്റിൽനിന്ന് എൻ.ആർ.എച്ച്.എം. ഫണ്ട് വാങ്ങിയെടുക്കാൻ കഴിഞ്ഞത്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകവഴി പരാതികൾ ഇല്ലാതാക്കാനും രോഗികൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭ്യമാക്കാനും സാധിച്ചു. കാൽ നൂറ്റാണ്ടിനുശേഷമാണ് കേരളത്തിൽ സർക്കാർ മേഖലയിൽ രണ്ട് നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ കഴിഞ്ഞത് മെറിറ്റും റിസർവ്വേഷനും പാലിച്ചുകൊണ്ട് ന്യായമായ ഫീസ് നൽകി ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് പഠിക്കാനുള്ള സൗകര്യം ഒരുക്കി. ഡോക്ടർമാരും നഴ്സുമാരും മരുന്നുകളുമുൾപ്പെട്ട സഞ്ചരിക്കുന്ന ഡിസ്പെൻസറി ആരംഭിക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. കേരളീയരുടെ സാമൂഹ്യബോധവും കൂട്ടായ നേതൃത്വവുംകൊണ്ട് ഈ സർക്കാരിന് എല്ലാ മേഖലയിലും നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. സാംക്രമിക രോഗങ്ങൾ തടയുന്നതിന് ബന്ധപ്പെട്ട വകുപ്പുകളും സാമൂഹ്യ സംഘടനകളും ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. സങ്കുചിത രാഷ്ട്രീയ സ്വഭാവത്തോടുകൂടിയ വിമർശനങ്ങളും ആക്ഷേപങ്ങളും ആരോപണങ്ങളും എല്ലാവരും ഒഴിവാക്കണം.

ശ്രീ. പി.സി. ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നില്ല. മെഡിക്കൽ കോളേജിന്റെ പ്രവർത്തനം നന്നാക്കാൻ കഴിഞ്ഞെങ്കിലും ഗ്രാമീണ മേഖലയുൾപ്പെടുന്ന പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിലെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരോ നഴ്സോ ഉദ്യോഗസ്ഥരോ

ഇല്ല. . ഗ്രാമീണ മേഖലയിലെ ആരോഗ്യരംഗത്തെ സേവനങ്ങൾ മെച്ചപ്പെടുത്തണം. മാരകമായ രോഗങ്ങളും സാംക്രമിക രോഗങ്ങളും ഇത്രയും വ്യാപകമായിട്ടുള്ള കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. പ്രൈവറ്റ് മാനേജ്മെന്റുമായി എഗ്രിമെന്റ് ഉണ്ടാക്കാൻ പറ്റാത്തതുകൊണ്ട് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിൽ കോടതി വിധിയുണ്ടായിട്ടും 50:50 അനുപാതം നടപ്പാക്കാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്. ഉദ്യോഗസ്ഥർ സംഘടനയുടെ പേരിൽ ആരോഗ്യരംഗം ദുരുപയോഗം ചെയ്യുന്നത് തടയണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ഇച്ഛാശക്തിയോടുകൂടിയുള്ള ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം സ്വാഗതാർഹമാണ്. ഡോക്ടർമാർക്ക് സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കണം. പി.എച്ച്.സി. കളിലെ ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി എം.ബി.ബി.എസ്. പൂർത്തിയാക്കുന്ന ഡോക്ടർമാർക്ക് ഒരു വർഷത്തെ ഗ്രാമീണ സേവനം എന്ന തീരുമാനം ഫലപ്രദമായി നടപ്പിലാക്കണം. പല സ്ഥലങ്ങളിലും നിയമിക്കപ്പെടുന്ന ഡോക്ടർമാർ ചുമതലയേൽക്കാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനായി അവരുടെ സംഘടനകളുമായി ചർച്ച നടത്തി ബുദ്ധിമുട്ടുകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. എൻ.ആർ.എച്ച്.എം.ന്റെ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കിയതുവഴി വിവിധ ജില്ല ആശുപത്രികളെ വികസിപ്പിക്കാനും ആശുപത്രി വികസന സമിതികൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കിക്കൊണ്ട് ആശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങളിലെ തടസ്സങ്ങൾ പരിഹരിക്കാനും സാധിച്ചിട്ടുണ്ട്.

പകർച്ചപ്പനി, പന്നിപ്പനി, ചിക്കുൻഗുനിയ എന്നീ രോഗങ്ങളെ ഫലപ്രദമായി നേരിടാൻ ജനകീയ സഹകരണത്തോടെ നടപ്പിലാക്കിയ തീവ്രയത്ന പരിപാടിയിലൂടെ സാധിച്ചിട്ടുണ്ട്. ആശുപത്രികളിൽ ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അടിസ്ഥാന സൗകര്യമുള്ള പി.എച്ച്.സികളിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനമുണ്ടാക്കണം. സ്ക്കൂൾ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ടുകൊണ്ട് 1100 വിദ്യാലയങ്ങളിൽ ഇപ്പോൾ ആരംഭിച്ച വിദ്യാലയ ആരോഗ്യ പരിപാടി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ക്യാൻസർ ചികിത്സ ഏർപ്പെടുത്തിയത് അനുഗ്രഹമാണ്. മലബാർ ക്യാൻസർ സെന്റർ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായവും ആധുനിക സൗകര്യങ്ങളും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സാമൂഹ്യ സുരക്ഷ മിഷൻ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നത് സന്തോഷകരമാണ്. നിരാലംബർ, വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ സംരക്ഷണം ഏറ്റെടുത്തുകൊണ്ട് സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള വിവിധ പരിപാടികൾ ജനകീയ സഹകരണത്തോടെയും പങ്കാളിത്തത്തോടുകൂടിയും കൂടുതൽ വിപുലമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. നിരാലംബരായ പാവപ്പെട്ടവരുടേയും വയോജനങ്ങളുടെയും സംരക്ഷണത്തിനായി 65 കോടി രൂപയുടെ കോർപ്പസ് ഫണ്ട് മാറ്റിവച്ചത് ആശ്വാസകരമാണ്. ആശ്രയ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കണം. സർക്കാർ ആശുപത്രികളിൽ നിന്ന് വിടുതൽ ചെയ്യുന്ന അഗതികളായവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയും പ്രശംസനീയമാണ്. മാനസികാരോഗ്യ കേന്ദ്രങ്ങളിൽനിന്ന് രോഗശമനത്തിനുശേഷം പുറത്തുവരുന്ന

അശരണരായവരെ പുനരധിവസിപ്പിക്കാനുള്ള കെയർ ഹോമുകൾ മാനുഷിക പരിഗണനയുടെ മുഖച്ഛായ നൽകുന്ന സംരംഭമാണ്. അംഗനവാടികളിലെ ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ചത് അഭിനന്ദനാർഹമാണ്. അവർക്കുള്ള പെൻഷൻ പദ്ധതിയുടെ കാര്യം കൂടി പരിഗണിക്കേണ്ടതാണ്. വിധവകളുടേയും വികലാംഗരുടേയും പെൻഷൻ പരിഷ്ക്കരിക്കണം. കേരള ത്തിൽ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ആരോഗ്യ രംഗത്ത് വലിയ മുന്നേറ്റമാണ് ഉണ്ടായിക്കൊണ്ടിരി ക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷത്തെ ഭരണത്തിനിടയിൽ 300 ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുകയും സി.എച്ച്.സി.കളുടെ എണ്ണം 231 ആയി വർദ്ധിപ്പിക്കു കയും ചെയ്തു. ഹോസ്പിറ്റലുകളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥയ്ക്ക് മാറ്റം വന്നിട്ടുണ്ട്. എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ഡോക്ടർമാ രേയും നഴ്സുമാരേയും പാരാ മെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുകയും അവരുടെ പരാധീനതകൾ ഒരു പരിധിവരെ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഒന്നാം ക്ലാസ് മുതൽ പ്ലസ് ടൂ വരെയുള്ള 55 ലക്ഷം കുട്ടികളെ വിദ്യാലയ ആരോഗ്യ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്ന് ആരോഗ്യമുള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. മസാജ് പാർലറുകളെ നിയന്ത്രിക്കാൻ നിയമം കൊണ്ടുവന്നു. മെഡിക്കൽ കോളേജുകളിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചു. ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാ ക്കാൻ സാധിച്ചതിലൂടെ ഒരു പരിധിവരെ പകർച്ചവ്യാധികൾ സുഖപ്പെടുത്താൻ സാധിക്കുന്നുണ്ട്. ആരോഗ്യ വകുപ്പ് മുൻകൈയെടുത്ത്

സാമൂഹ്യ സംഘടനകളുടെ സഹായത്തോടെ 4000-ത്തോളം പേർക്ക് രണ്ട് രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുന്ന പരിപാടി നടപ്പിലാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. താലൂക്ക് ആശുപത്രിയുടെ ഗ്രേഡിലേക്ക് ഉയർത്തിയ പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യത്തിന് ഡോക്ടർമാരെയും ഗൈനക്കോളജിസ്റ്റിനെയും നിയമിക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. യു.സി. രാമൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ മേഖലയിൽ ഗുണകരമായ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. മഴക്കാലമാരംഭിച്ചതു മുതൽ ആരോഗ്യ മേഖലയാകെ ദുരിതത്തിലാണ്. മൂന്ന് താലൂക്കുകൾ ഉൾപ്പെടുന്ന കോഴിക്കോട് ജില്ലയിൽ പനി വന്ന് 12 ആളുകൾ മരിച്ച സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനും ലിഫ്റ്റുകൾ പ്രവർത്തനക്ഷമ മാക്കുന്നതിനും ലുക്കീമിയ ബ്ലോക്ക് അനുവദിക്കുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. കെ. ടി. ജലീൽ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ ആരോഗ്യമേഖലയിൽ തുടങ്ങിവച്ച പല പദ്ധതികളും ഭാവിയിൽ സംസ്ഥാനത്തിന് അഭൂതപൂർവ്വമായ നേട്ടമുണ്ടാക്കിത്തരും. സ്വകാര്യ ആശുപത്രികളെ ആശ്രയിച്ചിരുന്നവർ ഇന്ന് സർക്കാർ ആശുപത്രികളെ അഭയം തേടുന്ന സ്ഥിതിവിശേഷമുണ്ടാക്കാൻ കഴിഞ്ഞത് സർക്കാരിന്റെ അഭൂതപൂർവ്വമായ നേട്ടങ്ങളിലൊന്നാണ്. മലപ്പുറം ജില്ലയിലെ ആയുർവേദ ആശുപത്രിക്ക് സ്വന്തം കെട്ടിടം നിർമ്മിച്ചതും മഞ്ചേരിയിലുള്ള മലപ്പുറം ജില്ലാ ആശുപത്രിക്ക് ആവശ്യമായ ഡോക്ടർമാരേയും സ്റ്റാഫിനേയും

നിയമിച്ചതും ഈ സർക്കാരാണ്. തിരുവനന്തപുരം കാൻസർ സെന്ററിന്റെ ഒരു യൂണിറ്റ് മലപ്പുറം ജില്ലാ ആശുപത്രിയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. എൻ. ആർ. എച്ച്.എം.-ന്റെ കീഴിലുള്ള ആയുർവേദ-ഹോമിയോ ഡിസ്പെൻസറികളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ പഞ്ചായത്ത് ഭരണ സമിതികൾ തീരുമാനമെടുക്കണമെന്ന നിബന്ധനയിൽ മാറ്റം വരുത്തണം. ഇക്കാര്യത്തിൽ ആരോഗ്യ-തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ അഭിപ്രായ സമന്വയമുണ്ടാക്കണം. താലൂക്കാശുപത്രി കളിലും കിടത്തി ചികിത്സ ലഭ്യമാകുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുക ളിലും പോസ്റ്റ് ഗ്രാഡുവേഷൻ കഴിഞ്ഞ ഡോക്ടർമാരെ നിയമിക്കണം. കോട്ടയ്ക്കൽ ഗവൺമെന്റ് ആയുർവേദ കോളേജിനെ ആയുർവേദ യൂണിവേഴ്സിറ്റിയായി ഉയർത്താനുള്ള നടപടി ത്വരിതപ്പെടുത്തണം. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് പ്രദേശങ്ങളിൽ 40 സെന്റ് സ്ഥലം വേണമെന്നുള്ള വ്യവസ്ഥ മാറ്റണം.

<u>ശ്രീ. ടി. പി. കുഞ്ഞുണ്ണി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിരവധി മേഖലകളിലെന്നപോലെ ആരോഗ്യ സേവന രംഗത്തും വളരെയേറെ മുന്നോട്ടു പോകാൻ കേരളത്തിന് സാധിച്ചു. ആശുപത്രിക ളിൽ നിത്യേന രോഗികളുടെ തിരക്ക് വർദ്ധിക്കുകയാണ്. തെറ്റായ ഭക്ഷണ രീതി, ജീവിത ശൈലി, പരിസര മലിനീകരണം, മദ്യ-മയക്കു മരുന്നുകളുടെ അമിത ഉപയോഗം, പട്ടിണി, ദാരിദ്ര്യം, അപകട മരണങ്ങൾ തുടങ്ങിയ ഒട്ടേറെ പ്രശ്നങ്ങൾ രോഗാതുരതയ്ക്ക് ആക്കം കൂട്ടുന്നവയാണ്. ജനകീയ കൂട്ടായ്മയിലൂടെ മാത്രമേ ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. പരിമിതികൾക്കകത്ത് നിന്നുകൊണ്ട് ജനങ്ങൾക്ക് പരമാവധി സേവന-ചികിത്സ സൗകര്യങ്ങൾ ആരോഗ്യ വകുപ്പ്

ചെയ്തുകൊടുക്കുന്നുണ്ട്. ആരോഗ്യ വകുപ്പിനെ ചിട്ടപ്പെടുത്തിയെടുക്കാനും അഴിമതി വിമുക്തമാക്കാനുള്ള പരിശ്രമം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. മരുന്നുകളുടെ സംഭരണത്തിനും വിതരണത്തിനുമായി പ്രത്യേക സംവിധാനമുണ്ടാക്കുകയും അഴിമതി തടയുകയും ചെയ്തു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി ത്രിതല പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കിയ എൻ.ആർ.എച്ച്.എം. പദ്ധതി വിജയകരമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. പൊതുജനാരോഗ്യ രംഗത്ത് സമാന്തര സ്ഥാപനങ്ങളായി വളർന്നുവരികയും ആതുര ശുശ്രൂഷയുടെ പേരിൽ ലാഭം കൊയ്യുന്ന കച്ചവടസ്ഥാപനങ്ങളായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണം. എല്ലാ കാറ്റഗറിയിലുംപെട്ട മുന്നൂറോളം ആശുപത്രികളെ അപ്ഗ്രേഡ് ചെയ്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. പദവിക്ക് അനുസരിച്ച് ഡോക്ടർമാരുൾപ്പെടെയുള്ള സ്റ്റാഫുകളെ നിയമിച്ചും അനുബന്ധ സൗകര്യങ്ങളുണ്ടാക്കിയും ആശുപത്രികളെ ജനങ്ങൾക്ക് പ്രയോജനപ്രദമാക്കണം. കുട്ടികളിലുണ്ടാകുന്ന രോഗങ്ങൾ ആരംഭത്തിൽത്തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിന് നടപ്പാക്കിയ സമഗ്ര ആരോഗ്യ പരിപാടി എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുകയും കുറ്റമറ്റതാക്കി നടപ്പാക്കുകയും വേണം. ആധുനിക ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്നതിനും രോഗ നിർണ്ണയം കുറ്റമറ്റതാക്കുന്നതിനും ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും എം.ആർ.ഐ. സ്കാനർ

സി.ടി. സ്കാനർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചത് അഭിന്ദനാർഹമാണ്.

ശ്രീ. പി. തിലോത്തമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചിക്കുൻഗുനിയ പോലുള്ള മാരക രോഗങ്ങളെ പ്രതിരോധിക്കാൻ വേണ്ടത്ര മുൻകരുതലുകളെടുത്തതിന്റെ ഫലമായി വ്യാപിക്കാതെ നിയന്ത്രിക്കാൻ കഴിഞ്ഞു. തകർച്ചയിലായിരുന്ന ആരോഗ്യ രംഗത്തെ പുന:സംഘടിപ്പിക്കുകയുണ്ടായി. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, എൻ.ആർ.എച്ച്.എം-ന്റെ സഹായത്തോടുകൂടി ആധുനിക ഭൗതിക സൗകര്യങ്ങൾ വിപുലപ്പെടുത്താനുള്ള നടപടി, തീരദേശത്തെ ആശുപത്രികൾ നവീകരിക്കുന്നതിനുള്ള നടപടി, മെഡിക്കൽ കോളേജുകൾ ശക്തിപ്പെടുത്തൽ, മൂന്ന് മെഡിക്കൽ കോളേജുകളിൽ 50 സീറ്റുകൾ വർദ്ധിപ്പിച്ച തുല്യമായ നടപടി, തൃശ്ശൂരിലും ആലപ്പുഴയിലും നഴ്സിംഗ് കോളേജുകൾ, തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസന പദ്ധതികൾ, ആലപ്പുഴയിൽ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ആലപ്പുഴ മെഡിക്കൽ കോളേജ് ഷിഫ്റ്റ് ചെയ്യൽ, ആലപ്പുഴ ജനറൽ ആശുപത്രിക്ക് രൂപം കൊടുക്കൽ, കെ.എസ്.ഡി.പി. ഫാക്ടറിയെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ, ഡോക്ടർമാരുടെ ഒഴിവ് നികത്തൽ, ജനനി സുരക്ഷാ യോജന, ആയുർവേദ-ഹോമിയോ ആശുപത്രികളുടെ വികസനം തുടങ്ങി ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ട്പോകുന്ന ഒരു ഗവൺമെന്റാണിത്. ചേർത്തലയിലെ അർത്തുങ്കൽ പി.എച്ച്.സി.-യെ നവീക രിക്കാനും ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താനുംനടപടി സ്വീകരിക്കണം. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ സ്ഥലംമാറ്റപ്രശ്നം ഗൗരവമായെടുക്കണം. ഹോമിയോ ഡോക്ടർമാർ

നടത്തുന്ന സമരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളെ സ്പെഷ്യലൈസ്ഡ് ആശുപത്രികളായി വികസിപ്പിക്കാൻ കഴിയണം. ആരോഗ്യരംഗത്ത് ആലപ്പുഴ ജില്ല നേരിടുന്ന പരിതാപകരമായ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി പ്രത്യേകമായ ആരോഗ്യ പാക്കേജ് കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ജലജന്യ, ജന്തുജന്യ, തൊഴിൽജന്യ രോഗങ്ങൾ ആലപ്പുഴ ജില്ലയിലെ ജനങ്ങളെ ബാധിച്ചു കൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് ആവശ്യമായ പഠനം നടത്താൻ സംവിധാനമുണ്ടാക്കണം. ആലപ്പുഴ ജനറൽ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കണം. കാൻസർ, ഹൃദയാഘാതം പോലുള്ള രോഗങ്ങളുടെ വർദ്ധനവിനെക്കുറിച്ച് പഠിക്കാനുള്ള സംവിധാനം ഒരുക്കണം. തിരുവനന്തപുരം ആർ.സി.സി -യുടെ ഒരു കേന്ദ്രം വടക്കൻ പ്രദേശത്ത് കൂടി ആരംഭിക്കണം.

ശ്രീ. വി. എൻ. വാസവൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവണ്മെന്റ് മെഡിക്കൽ കോളേജുകൾ, പി.എച്ച്.സി-കൾ, സി.എച്ച്.സി.-കൾ തുടങ്ങിയവ ശക്തിപ്പെടുത്തി. 300-ഓളം ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തു. ആരോഗ്യ പരിപാലന രംഗത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളം ഇന്ന് മുന്നിട്ടു നിൽക്കുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗികളുടെ എണ്ണത്തിൽ മുൻ വർഷങ്ങളേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ട്. മഴക്കാല പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എൻ.ആർ.എച്ച്.എം.-ന്റെ ശുചീകരണ പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ നടപ്പാക്കാൻ നടപടി സ്വീകരിച്ചത് ശ്രദ്ധേയമാണ്. ജില്ലാ ആശുപത്രികളെ സ്ട്രെങ്ത്തൻ ചെയ്തുകൊണ്ട് മെഡിക്കൽ കോളേജ്

ആശുപത്രികളെ റഫറൽ ആശുപത്രികളാക്കി മാറ്റണം. മെഡിക്കൽ കോളേജുകൾ ഇല്ലാത്ത സ്ഥലങ്ങളിലെ ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിംഗ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണം. ചിക്കൻപോക്സ് തുടങ്ങിയ മാരകമായ പകർച്ചവ്യാധികൾ ബാധിച്ചവരെ പ്രത്യേകം സെല്ലുകളിൽ പരിചരിക്കാനാവശ്യമായ സാഹചര്യമുണ്ടാക്കണം. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും ഹെമറ്റോളജി യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം. അവിടെ മൈക്രോ വാസ്കുലർ സർജറി നടത്താനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം വേണ്ടത്ര ഡോക്ടർമാരെ നിയോഗിക്കാനും പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ലബോറട്ടറിയിൽ ബോൺമാരോ ടെസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം. സന്നദ്ധ സംഘടനകളുടേയും എം.എൽ.എ.മാരുടേയും കൂടി സഹകരണത്തോടെ ആശുപത്രികളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തണം. ബ്ലഡ് ബാങ്കുകൾ 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കണം. ഡോക്ടർമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കണം. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി ഡ്യൂട്ടി സമയം രാവിലെ എട്ട് മുതൽ വൈകുന്നേരം നാല് മണിവരെയായി നിജപ്പെടുത്തണം. രോഗികളുടെ കൂട്ടിരിപ്പുകാർ ആശുപത്രി ജീവനക്കാരെ ആക്രമിക്കുന്നത് തടയുന്നതിനും ഡോക്ടർമാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തണം. കോഴിക്കോട് ജില്ലയിൽ ആരംഭിച്ച 'പട്ടിണിരഹിത നഗരം' എന്ന ആശയം മറ്റ് ജില്ലാ ആസ്ഥാനങ്ങളിൽക്കൂടി വ്യാപിപ്പിക്കണം. കാഷ്വാലിറ്റി സെന്ററുകൾ

മെച്ചപ്പെടുത്തിയതും ട്രോമോകെയർ സൗകര്യങ്ങൾ ഏർപ്പെടുത്തിയതും ന്യൂറോ സർജറി വിഭാഗത്തിൽ ഏറ്റവുംകൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയതും ഈ ഗവൺമെന്റിന്റെ ശ്രദ്ധേയങ്ങളായ നേട്ടങ്ങളാണ്. നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ആരോഗ്യ പരിപാലന രംഗത്ത് ബഹുമതി കരസ്ഥമാക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ കാലത്താണ്. വയോജന നയം നടപ്പിലാക്കുന്നതിൽ ജാഗ്രത പുലർത്തണം. സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി സാമൂഹ്യ ക്ഷേമ വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരി ക്കുന്നുണ്ട്. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ വകുപ്പ് ക്ഷയിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും 32 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങിയതിൽ വ്യാപകമായ ക്രമക്കേട് നടന്നതായി ബോധ്യപ്പെട്ടിരിക്കുകയാണ്. അന്യസംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ മറയാക്കി നടത്തിയ ഈ ഇടപാടിൽ ചട്ടങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ടെന്ന് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിരിക്കുകയാണ്. മാർക്കറ്റ് വിലയേക്കാൾ ഉയർന്ന തുകയ്ക്കാണ് ഉപകരണങ്ങൾ വാങ്ങിയതെന്ന് ബോധ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഈ പ്രശ്നത്തിൽ വിശദമായ അന്വേഷണം വേണമെന്ന് ആഡിറ്റ് ഉദ്യോഗസ്ഥർ ശുപാർശ ചെയ്യുകയുമുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട്കൂടി ഉൾപ്പെട്ടതുകൊണ്ട് ഇതുസംബന്ധിച്ച് സി.ബി.ഐ.യെക്കൊണ്ട് അന്വേഷണം നടത്തിക്കാൻ

ഗവൺമെന്റ് തയ്യാറാകണം. എൻ.ആർ. എച്ച്.എം.-ഉം ആയി ബന്ധപ്പെട്ടുകൊണ്ടുള്ള ബിൽഡിംഗ് കൺസ്ട്രക്ഷൻ മുൻപരിചയമില്ലാത്ത ഹിന്ദുസ്ഥാൻ ലാറ്റക്സിനെ ഏൽപ്പിച്ചിരിക്കുകവഴി ഫണ്ട് ദുർവിനിയോഗമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ആരോഗ്യവകുപ്പുദ്യോഗസ്ഥരും എൻ.ആർ.എച്ച്. എം. ജീവനക്കാരും രണ്ടുതട്ടിലായി നിൽക്കുന്നതുകൊണ്ടാണ് ഫണ്ട് ദുർവി നിയോഗം നടക്കുന്നത്. 2008 ലെ കേന്ദ്രസർക്കാരിന്റെ അവലോകനത്തിൽ ആരോഗ്യ രംഗത്ത് ഏറ്റവും മോശമായ പ്രകടനം കാഴ്ചവച്ച സംസ്ഥാനമാണ് കേരളം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): പൊതുജനാരോഗ്യ രംഗത്ത് ഉണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ഭരണ-പ്രതിപക്ഷത്തുനിന്നും വന്ന ക്രിയാത്മകമായ നിർദ്ദേശങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കും. മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തനത്തിലും മെഡിക്കൽ എഡ്യുക്കേഷൻ രംഗത്തും ആയുർവേദ മേഖലയിലും ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. രണ്ടുമൂന്നു വർഷംകൊണ്ട് ചികിൽസാ രംഗത്ത് ചില മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഗൈഡ്‌ലൈൻ പ്രകാരമാണ് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ട് വിനിയോഗിക്കുന്നത്. എൻ.ആർ.എച്ച്.എം.-ൽനിന്നും ആദ്യം കിട്ടിയ ഫണ്ട് കിറ്റുകൾ വാങ്ങാനാണ് ഉപയോഗിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക സർക്കുലർ പ്രകാരം പൊതുമേഖല സ്ഥാപനങ്ങളിൽനിന്നാണ് കിറ്റുകൾ വാങ്ങിയിരുന്നതെങ്കിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നിലവിൽ വന്നതിനുശേഷം ടെണ്ടർ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് കിറ്റുകൾ വാങ്ങുന്നത്. ഗൈനോക്കോളജിയുമായി ബന്ധപ്പെട്ട 75 ലക്ഷം

രൂപയുടെ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ലെന്ന പരാതിയുണ്ട്. ബാക്കിയെല്ലാ കിറ്റുകളും ഉപയോഗിച്ചുകഴിഞ്ഞു. തൃശൂർ മെഡിക്കൽകോളേജ് ക്യാമ്പസ്സിലുള്ള 100 ഏക്കർ സ്ഥലത്ത് ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാനുള്ള തീരുമാനമായിട്ടുണ്ട്. മെഡിക്കൽ, നേഴ്സിംഗ്, ഫാർമസി, ഡെന്റൽ, പാരാമെഡിക്കൽ കോളേജുകൾ പ്രസ്തുത യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരാൻ കഴിയും. പള്ളുരുത്തിയിലും മലമ്പുഴയിലും ഉദുമയിലും സിമെറ്റ്-ന്റെ നേതൃത്വത്തിൽ മൂന്നു പുതിയ നേഴ്സിംഗ് കോളേജുകൾ ഈ വർഷം ആരംഭിക്കുന്നതാണ്. തിരുവനന്തപുരം കണ്ണാശുപത്രിയുടെ ശോച്യാവസ്ഥ മാറ്റിയെടുക്കുന്നതിന് നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ ബ്ളൈൻഡ് കൺട്രോളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഫണ്ട് ഉപയോഗിച്ച് സിവിൽ വർക്ക് ചെയ്യുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ജെറിയാട്രിക് വാർഡും പീഡിയാട്രിക് വാർഡും താലൂക്ക് ആശുപത്രികളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്. ഗവൺമെന്റ് ഹോസ്പിറ്റലുകളിലേയ്ക്ക് ഹാൻവീവിൽ നിന്നുള്ള ബെഡ്ഷീറ്റുകൾ വാങ്ങാനും പ്രസ്തുത ബെഡ്ഷീറ്റുകൾ വൃത്തിയാക്കാനായി നാലോ അഞ്ചോ വലിയ ആശുപത്രികൾ കേന്ദ്രീകരിച്ച് ഒരു പവർ ലാൺഡ്രി പ്രവർത്തിപ്പിക്കാനും കുടംബശ്രീ പ്രവർത്തകർക്ക് അതിനുള്ള പരിശീലനം കൊടുക്കാനുമാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, എറണാകുളം, തലശ്ശേരി എന്നിവിടങ്ങളിലെ ജനറലാശുപത്രികളിലും കോഴിക്കോട് ബീച്ച് ആശുപത്രിയിലും Diploma in National Board കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലും ചേർത്തല താലൂക്കാശുപത്രിയിലും നാഷണൽ ബോർഡിന്റെ

അക്രെഡിറ്റേഷൻ ലഭ്യമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. കേരളത്തിലെ എല്ലാ ആശുപത്രികളിലും ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കും. കേരള എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ട് (കെംപ്) തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 24 മണിക്കൂറും ലഭ്യമാകുന്ന പാരാമെഡിക്കൽ സ്റ്റാഫുൾപ്പെടെയുള്ള വെൽ എക്വിപ്പ്ഡ് ആംബുലൻസ് സംവിധാനം ഡിസംബറോടുകൂടി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്നതാണ്. ആന്റി റാബീസ് വാക്സിൻ എല്ലാ ആശുപത്രികളിലും ലഭ്യമാക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ഐ.ഡി.ആർ.വി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2015-ഓടുകൂടി പേ വിഷ വിമുക്ത കേരളമാക്കി മാറ്റാൻ കഴിയും. ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ വില കുറച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്യാനുള്ള ആലോചനകൾ നടത്തുന്നുണ്ട്. കൂടാതെ ആന്റി ക്യാൻസർ ഡ്രഗ്സ്, ഹൃദ്രോഗത്തിനുള്ള മരുന്ന് എന്നിവ സബ്സിഡി റേറ്റിൽ മാവേലി സ്റ്റോറുകൾ വഴിയും നീതി മെഡിക്കൽ സ്റ്റോറുകൾ വഴിയും വില കുറച്ച് കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. തൃശൂർ മെഡിക്കൽ കോളേജിൽ എം.ആർ.ഐ. സ്കാനർ ഇൻസ്റ്റാൾ ചെയ്യാനുള്ള നടപടികൾ ആയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രികളിൽ എം.ആർ.ഐ സ്കാനറും കെ.എച്ച്.ആർ.ഡബ്ളിയു.എസ്.-ന്റെ നേതൃത്വത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സി.ടി. സ്കാനറും സ്ഥാപിക്കുന്നതാണ്. മോഡേൺ ഏക്യുപ്മെന്റ്സിന്റെ വരവോടുകൂടി ബി.പി.എൽ. കുടുംബത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യമായും പാവപ്പെട്ട രോഗികൾക്ക് സൗജന്യ നിരക്കിലും പരിശോധനകൾ നടത്താൻ കഴിയുന്നതാണ്. ഒരു

ഡോക്ടറേയും മറ്റ് എക്സ്പെർട്ടുകളേയും നിയമിച്ചുകൊണ്ട് മലപ്പുറത്ത് ആർ.സി.സി.യുടെ ഒരു യൂണിറ്റ് കൊണ്ടുവരാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിക്കുന്നതാണ്. മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്. സ്കൂളുകളിൽ ഹെൽത്ത് പ്രോഗ്രാം കാർഡ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റ് ഒരു സ്കീം നടപ്പിലാക്കിയിട്ടുണ്ട്. കൗമാരക്കാരായ പെൺകുട്ടികൾ പഠിക്കുന്ന 350 സ്കൂളുകളിൽ ഒരു പ്രത്യേക മുറി സജ്ജമാക്കി പബ്ളിക് ഹെൽത്ത് നഴ്സിനെയും നിയമിച്ചുകൊണ്ട് മെഡിക്കൽ കിറ്റ് ഉൾപ്പെടെയുള്ള സൗകര്യമൊരുക്കുന്നുണ്ട്. സംസ്ഥാനത്ത് പെൺകുട്ടികൾ പഠിക്കുന്ന എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ 15 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ മാതൃക ആശുപത്രിക ളാക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. ഇൻഡ്യയിൽ അംഗീകരിച്ച പി.എം.എസ്.എസ്.വൈ.യുടെ 13 പ്രോജക്ടുകളിൽ ആദ്യം പൂർത്തിയാ കുന്നത് തിരുവനന്തപുരത്തെ പ്രോജക്ടാണ് എന്നുള്ളത് അഭിമാനകരമാണ്. 120 കോടി രൂപയുടെ പ്രോജക്ട് 3 വർഷംകൊണ്ട് ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് പൂർത്തിയാക്കിയിരിക്കുകയാണ്. പൂജപ്പുര പഞ്ചകർമ്മ ആശുപ ത്രിയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടി കളുമായി മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന തിനുശേഷം ഹെൽത്ത് സർവ്വീസിൽ 567 തസ്തികകളും സാമൂഹ്യക്ഷേമ വകുപ്പിൽ 274 തസ്തികകളും പുതിയതായി സൃഷ്ടിക്കുകയും പി.എസ്.സി. വഴി ആയിരക്കണക്കിന് നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. 958 ഗ്രേഡ് -2 അറ്റൻഡർമാരെ നിയമവിധേയമായി റെഗുലറൈസ് ചെയ്ത്

ഗ്രേഡ്-1 ആയി പ്രൊമോഷൻ കൊടുത്തതുവഴി ഉണ്ടായ ഒഴിവിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ആളുകളെ നിയമിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി കോൺട്രാക്ട് വ്യവസ്ഥയിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള വരെ നിയമിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ സെന്ററർ ഓഫ് എക്സലൻസായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആയിരത്തോളം ഡോക്ടർമാർ കംപൽസറി റൂറൽ സർവ്വീസിലൂടെയും എൻ.ആർ.എച്ച്.എം. വഴിയും കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഐ.സി.ഡി.എസ്. -ൽ 7,000-ത്തോളം അംഗൻവാടികളിലൂടെ 15,000 സ്ത്രീകൾക്ക് ജോലി കൊടുക്കാൻ സാധിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ഐ.സി.ഡി.എസ്. മേഖലയിൽ പെൻഷൻ കൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട സ്ത്രീകളുടെ പുനർവിവാഹത്തിന് 25,000 രൂപ ധനസഹായം കൊടുക്കുന്ന മംഗല്യ പദ്ധതി ആരംഭിക്കാൻ പോവുകയാണ്. ജില്ലാ പ്രൊബേഷണറി ഓഫീസർമാരുടെ 14 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പുതിയ ചിൽഡ്രൻസ് ഹോം ആരംഭിക്കാനും കണ്ണൂർ, പാലക്കാട് ജില്ലകളിൽ ബാലഭവൻ തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി പി.എസ്.സി. നിയമനത്തിൽ വികലാംഗർക്ക് 3 ശതമാനം സംവരണം ഏർപ്പെടുത്തിയത് കേരളത്തിലാണ്. എം.ബി.ബി.എസ്സിനുംപി.ജി. കോഴ്സിനും ഫിസിക്കലി ചലഞ്ച്ഡ് ആയിട്ടുള്ളവർക്ക് സംവരണം ഏർപ്പെടുത്താൻ കഴിഞ്ഞു. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് കാൻസർ

ചികിൽസ സൗജന്യമാക്കുന്നതിന് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, മലബാർ കാൻസർ സെന്റർ, എറണാകുളം ജനറൽ ആശുപത്രി, ആർ.സി.സി. എന്നിവിടങ്ങളിൽ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഭാഗമായി ഫണ്ട് കൊടുത്തിട്ടുണ്ട്. കോഴിക്കോട് ഹങ്കർ ഫ്രീ സിറ്റി ആക്കുന്നതിന് നടപടികൾ ആയിക്കഴിഞ്ഞു. എ.കെ.സി.ഡി.എ.യുടെ പ്രശ്നം ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX- ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI -ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 23 നെതിരെ 79 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 3.47-ന് പിരിഞ്ഞു)

...............................